ക്രമസമാധാന പരിപാലന പ്രശ്നങ്ങൾ

14 (*464) ഡോ. കെ. ടി. ജലീൽ :
ശ്രീ. എ. പ്രദീപ് കുമാർ :
ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീ. വി. ശിവൻകുട്ടി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്രമസമാധാന പരിപാലനം തകരാറിലായിരിക്കുന്നു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ കാരണം പരിശോധിച്ചിട്ടുണ്ടോ ;

(ബി) സാമൂഹ്യജീവിതത്തിൽ വിവിധ തരത്തിലുള്ള മാഫിയകൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മോഷണം, പിടിച്ചുപറി, കവർച്ച, സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ തുടങ്ങിയവയെല്ലാം വർദ്ധിച്ചുവരുന്നതായി അറിയാമോ ; ബ്ലേഡ് ബാങ്ക് തട്ടിപ്പ്, നിക്ഷേപ തട്ടിപ്പ്, വിസ തട്ടിപ്പ്, റിക്രൂട്ട്മെന്റ് തട്ടിപ്പ്, വിദ്യാർത്ഥി പ്രവേശന തട്ടിപ്പ്, സാമ്പത്തിക തട്ടിപ്പുകൾ തുടങ്ങിയവ വ്യാപകമായിരിക്കുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ജനങ്ങൾക്ക് സ്വൈര്യജീവിതം ഉറപ്പാക്കേണ്ട പോലീസ് സേനയിൽ ക്രിമിനലുകൾ വർദ്ധിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പോലീസ് സേനയിലെ ക്രിമിനലുകളെയും അഴിമതിക്കാരെയും മാറ്റി നിർത്താമോ ;

(ഡി) ജനങ്ങൾക്ക് സ്വൈര്യജീവിതം ഉറപ്പാക്കാനും മാഫിയകളെ നിയന്ത്രിക്കാനും നടപടികൾ സ്വീകരിക്കാമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല):

(എ) സംസ്ഥാനത്ത് ക്രമസമാധാന പരിപാലനം തകരാറിലായിട്ടില്ല. ക്രമസമാധാനപാലന രംഗത്ത് കേരളം ഒന്നാം സ്ഥാനത്താണെന്നാണ് വിവിധ പഠനങ്ങൾ വ്യക്തമാക്കുന്നത്. സംസ്ഥാന പോലീസ് സേന നിഷ്പക്ഷവും നീതിയുക്തവുമായാണ് കേസന്വേഷണവും ക്രമസമാധാന പാലനവും നടത്തി വരുന്നത്. കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിച്ചുവരുക മാത്രമല്ല കുറ്റകൃത്യങ്ങൾ ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി നിരവധി കർമ്മ പദ്ധതികളും ശ്രമങ്ങളും പോലീസ് സേന നടത്തുന്നുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ, പണമിടപാട് മാഫിയ, മറ്റ് കുറ്റകൃത്യങ്ങൾ എന്നിവ വളരെയധികം കുറച്ചുകൊണ്ടുവരുന്നതിനുവേണ്ടി 'ഓപ്പറേഷൻ കുബേര', 'ഓപ്പറേഷൻ സുരക്ഷ' എന്നീ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്നു. വാഹനാപകടം പരമാവധി

LIBRARY ARCHIVES Kerala Legislative Assembly

കറയ്ക്കുന്നതിനും അപകടത്തിൽപ്പെടുന്നവരെ എത്രയും വേഗം പ്രഥമ ശുശ്രൂഷ നൽകി ആശുപത്രിയിൽ എത്തിക്കുന്നതിനുമായി 'ശുഭയാത്ര' എന്നൊരു പദ്ധതിയും നടപ്പാക്കിവരുന്നു. സ്കൂൾ, കോളേജ് പരിസരങ്ങൾ ലഹരി വിമുക്തമാക്കുന്നതിന് 'ക്ലീൻ ക്യാമ്പസ് സേഫ് ക്യാമ്പസ് ' പദ്ധതി വിജയകരമായി നടപ്പിലാക്കിവരുന്നു. നിയമബോധമുള്ള മികച്ച ഒരു ഭാവിതലമുറയെ വാർത്തെടുക്കുന്നതിനുവേണ്ടി നടപ്പിലാക്കിയ 'സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ് ' എന്ന പദ്ധതി അത്ഭുതകരമായ വിജയമാണ് കൈവരിച്ചിട്ടുള്ളത്.

(ബി) സമൂഹജീവിതത്തിൽ വിവിധ തരത്തിലുള്ള മാഫിയകൾ സൃഷ്ടിച്ചു കൊണ്ടിരിക്കുന്ന ദുരിതങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വിവിധതരം മാഫിയകളെ നിയന്ത്രിക്കുന്നതിനുവേണ്ടി ശക്തമായ നിയമ സംവിധാനം നിലവിലുണ്ട്. കൂടാതെ ഓപ്പറേഷൻ കുബേര, ഓപ്പറേഷൻ സുരക്ഷ എന്നീ പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്നു. മോഷണം, പിടിച്ചുപറി, കവർച്ച, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ തുടങ്ങിയവ വ്യാപകമായിട്ടില്ല. പക്ഷേ ഇത്തരം കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്ത കേസുകളിൽ നേരിയ തോതിലുള്ള വർദ്ധനവ് വന്നിട്ടുണ്ട്. കേരളത്തിന്റെ ഉയർന്ന ജനസാന്ദ്രതയും ഏതൊരും വ്യക്തിക്കും ആൺ പെൺ ഭേദമില്ലാതെ ഭയരഹിതമായി പോലീസ് സ്റ്റേഷനുകളിൽ പരാതികൾ സമർപ്പിക്കാനുള്ള അവസരവും കേസുകളുടെ എണ്ണത്തിലുള്ള വർദ്ധനവിന് ഒരു ഘടകമാണ്. ബ്ലേഡ് ബാങ്ക് തട്ടിപ്പ്, നിക്ഷേപ തട്ടിപ്പ്, വിസ തട്ടിപ്പ്, റിക്രൂട്ട്മെന്റ് തട്ടിപ്പ്, വിദ്യാർത്ഥി പ്രവേശന തട്ടിപ്പ്, സാമ്പത്തിക തട്ടിപ്പുകൾ തുടങ്ങിയവ വ്യാപകമായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ജനങ്ങൾക്ക് സ്വൈര്യജീവിതം ഉറപ്പാക്കേണ്ട പോലീസ് സേനയിൽ ക്രിമിനലുകൾ വർദ്ധിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പോലീസ് സേനയിൽ ഉൾപ്പെട്ടവർ കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടാൽ ആ ഉദ്യോഗസ്ഥനെതിരെ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം സമർപ്പിച്ചും വകുപ്പുതല നടപടികൾ സ്വീകരിച്ചുംവരുന്നു.

(ഡി) ജനങ്ങൾക്ക് സ്വൈര്യജീവിതം പോലീസ് ഉറപ്പാക്കുന്നുണ്ട്. പണ മാഫിയകളെ നിയന്ത്രിക്കുന്നതിന് ഓപ്പറേഷൻ കുബേര പദ്ധതി പ്രകാരം കർശന നടപടികൾ പോലീസ് സ്വീകരിച്ചുവരുന്നു. കൂടാതെ നിക്ഷേപ തട്ടിപ്പ്, സാമ്പത്തിക തട്ടിപ്പ്, വിസാ തട്ടിപ്പ്, റിക്രൂട്ട്മെന്റ് തട്ടിപ്പ് മുതലായവയിൽപ്പെടാതിരിക്കാൻ ജനമൈത്രി പോലീസ്, മറ്റ് വിവിധ പദ്ധതികൾ എന്നിവ മുഖേന ജനങ്ങൾക്ക് ബോധവൽക്കരണ പരിപാടികൾ നടത്തുന്നുണ്ട്. ഇത്തരം മാഫിയകളെ നിരന്തരം നിരീക്ഷിക്കുവാൻ പോലീസ് സ്പെഷ്യൽ ബ്രാഞ്ചിന്റെ സേവനം പ്രയോജനപ്പെടുത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly